**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4973** **04-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേത്തല വരെയുള്ള ഫ്ലൈ ഓവറിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേത്തല വരെ നിർമ്മിയ്ക്കുന്ന ഫ്ലൈ ഓവർ പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ; | (എ) | മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേത്തല ചെത്ത് പാലം വരെയുള്ള ഫ്ളൈഓവർ നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 942/2017/പി.ഡബ്ല്യു.ഡി പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ വിശദമായ പദ്ധതിരേഖയ്ക്ക് കിഫ്ബിയിൽ നിന്നും 89.92 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിക്ക് ദേശീയപാത അതോറിറ്റിയിൽ നിന്നും 12.10.2021 ന് NOC ലഭിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി ബഹു. മലപ്പുറം എം.എൽ.എ. 01.12.2021 ന് പദ്ധതി പ്രദേശം സന്ദർശിക്കുകയും, അലൈൻമെന്റിൽ പോലീസ് സ്റ്റേഷൻ ഭാഗത്ത് ഏകദേശം 200 മീറ്റർ നീളം കൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് നിർദ്ദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്തി, പോലീസ് സ്റ്റേഷൻ ഭാഗത്ത് ഏകദേശം 200മീറ്റർ നീളം കൂട്ടിയ അലൈൻമെന്റ് കിഫ്ബിയിൽ സമർപ്പിച്ചു. മലപ്പുറം കോട്ടപ്പടി ടൗൺ ഡെവലപ്പ്മെന്റ് ഫോറം നാലുവരിപ്പാതയ്ക്ക് ആവശ്യമായ ഭൂമി സൗജന്യമായി സർക്കാരിന് വിട്ട് നൽകാം എന്ന് 29.02.2020-ൽ കിഫ്ബിയെ അറിയിച്ചിരുന്നതാണെന്നും, സൗജന്യമായി ഭൂമി നൽകിയാൽ മാത്രം അലൈൻമെന്റ് നീട്ടുന്ന കാര്യം പരിഗണിച്ചാൽ മതി എന്ന് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി |
| (സി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്നും ഭരണാനുമതി | (സി) | (എ) പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| | ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ; പദ്ധതി എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ